1073 [1591] ശ്രീ. കെ.കെ. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഗവൺമെൻറ് അംഗീകരിച്ച ലിസ്റ്റിലുള്ള ആർ. എൽ. ഇ. ജി. പി.-ൽ ഉൾപ്പെട്ട അഴുത ബ്ലോക്കിലെ വെള്ളി-ഉറുംപിക്കര, മളാമല-ഹെലിബറിയ എന്നീ റോഡുകളുടെ പണികൾ നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഈ രണ്ട് റോഡുകളുടേയും പണികൾ 31-3-1987-ന് മുൻപ് തന്നെ തീർത്തിരിക്കണമെന്നു ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ട്രൈസം പരിപാടി

1074 [1595] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഐ.ആർ.ഡി.പി.യുടെ ഭാഗമായി യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം നൽകുന്ന ട്രൈസം പരിപാടി അനുസരിച്ച് 1986 സെപ്റ്റംബർ 30 വരെ എത്ര പേർക്കു പരിശീലനം നൽകിയിട്ടുണ്ട് ?

ഉത്തരം

ഐ.ആർ.ഡി.പി.യുടെ ഭാഗമായി യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം നൽകുന്ന ട്രൈസം പരിപാടി അനുസരിച്ച് 1986 സെപ്റ്റംബർ 30 വരെ 32,382 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

1982 മുതൽ ഐ.ആർ.ഡി. പി. സഹായം ലഭിച്ചവർ

1075 [1596] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982 മുതൽ 1986 സെപ്റ്റംബർ വരെ കേരളത്തിൽ ഐ.ആർ. ഡി. പി. സഹായം ലഭിച്ചവരുടെ എണ്ണം എത്ര ;

(ബി) ഈ കാലയളവിൽ സബ്സിഡി ഇനത്തിൽ എന്തു തുക ചെലവഴിച്ചു ;

(സി) ഈ കാലയളവിൽ ഐ.ആർ.ഡി.പി. പരിപാടിക്ക് കേന്ദ്രത്തിൽ നിന്നും ലഭിച്ച സംഖ്യ എത്ര ;

(ഡി) ഇതിൽ എന്തു തുക ചെലവഴിച്ചു ;

(ഇ) എന്തു തുക ലാപ്സായി ?

ഉത്തരം

(എ) 1982 മുതൽ 1986 സെപ്റ്റംബർ 30 വരെ കേരളത്തിൽ ഐ.ആർ. ഡി.പി.സഹായം ലഭിച്ചവരുടെ എണ്ണം 4,90,204 ആണ്.

(ബി) ഈ കാലയളവിൽ സബ്സിഡി ഇനത്തിൽ 5169.59 ലക്ഷം രൂപ ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly